# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:6092 07.11.2016 -ൽ മറുപടിക്ക്

## കോൾ നിലങ്ങളിലെ കൃഷി സംരക്ഷിക്കാൻ നടപടി

### ചോദ്യം

ശ്രീ.മുരളി പെരുനെല്ലി

വരൾച്ച രൂക്ഷമായതോടുകൂടി തൃശ്ശൂർ ജില്ലയിലെ കോൾചാലുകളിൽ ജലനിരപ്പ് താഴ്ന്നിരിക്കുന്നതിനാൽ ചാലിൽ കെട്ടികിടക്കുന്ന ചണ്ടിയും കുളവാഴയും ചീഞ്ഞ് നശിച്ച് ഉപ്പുരസം വമിക്കാനിടയായ സാഹചര്യം ഉള്ളതിനാൽ വൻതോതിൽ കൃഷിനാശം സംഭവിക്കാനുള്ള സാധ്യത പരിഗണിച്ച് ഇക്കാര്യത്തിൽ അടിയന്തര പരിഹാര നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ?

### മറുപടി

മാത്യു ടി തോമസ്

(ജലവിഭവ വകുപ്പുമന്ത്രി)

തൃശ്ശൂർ ജില്ലയിലെ കോൾ നിലങ്ങളിലെ കനാലുകളിലെ നീരൊഴുക്കിന് തടസ്സമായി നിൽക്കുന്ന കുളവാഴയും ചണ്ടിയും നീക്കം ചെയ്യുന്ന പ്രവൃത്തികൾക്ക് 2016-17 സാമ്പത്തിക വർഷം 2.50 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. ഈ ജോലികൾക്കായി ഇതുവരെ 2.32 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. അവയുടെ ടെണ്ടർ നടപടികൾ സ്വീകരിച്ച് വരുന്നു. പ്രസ്തുത പ്രവൃത്തികളുടെ അത്യാവശ്യം ഉൾക്കൊണ്ടുതന്നെ അടിയന്തിരമായി പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ